## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** 20-03-2013-ലെ മറുപടിയ്ക്ക്

**നിയമസഭാ ചോദ്യം നമ്പർ. 887.**

### സ്വകാര്യ സ്ഥാപനങ്ങളിലെ സെക്യൂരിറ്റി ജീവനക്കാർ

**ചോദ്യം** **ഉത്തരം**

ശ്രീ. എ.റ്റി.ജോർജ്
ശ്രീ. ഹൈബി ഈഡൻ:
ശ്രീ.പി.എ.മാധവൻ:
ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ഷിബു ബേബിജോൺ
(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ സെക്യൂരിറ്റി ജീവനക്കാരെ ഏജന്റുമാർ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ സെക്യൂരിറ്റി ജീവനക്കാരെ ഏജന്റുമാർ ചൂഷണം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്ക്വാഡ് പരിശോധനകൾ നടത്തുകയും തൊഴിൽ നിയമലംഘനം ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുയും ചെയ്യുന്നുണ്ട്. മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട്/മിനിമം വേജസ് ആക്ട് പ്രകാരമുള്ള സ്ഥാപന പരിശോധനാവേളയിൽ ശ്രദ്ധയിൽപ്പെട്ടാൽ മിനിമം വേതനം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ബി) യും (സി)യും

സ്വീകരിക്കുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ക്വാഡ് പരിശോധനകൾ നടത്തുകയും തൊഴിൽ നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ